പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3098** **18.06.2019 ൽ മറുപടിയ്ക്ക്**

**ഹാരിസൺസിന്റെ കൈവശഭൂമിക്ക് കരം**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഹാരിസൺസിന്റെ കൈവശഭൂമിക്ക് കരം സ്വീകരിക്കാൻ സർക്കാർ തീരുമാനമുണ്ടോ;എങ്കിൽ ഇത് സംസ്ഥാനത്തിന്റെ പകുതിയോളം വരുന്ന തോട്ടം മേഖലയെ കുത്തകകൾക്ക് തീറെഴുതാൻ വഴി തുറക്കുമെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) ഉണ്ട്. ഹാരിസൺ കമ്പനിയും, അവരിൽ നിന്നും ഭൂമി നേടിയവരും, മറ്റു കയ്യേറ്റക്കാരും കൈവശം വച്ചിരുന്ന 38,171 ഏക്കർ ഭൂമി ഭൂ സംരക്ഷണ നിയമ പ്രകാരം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ മറ്റനേകം ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമിയിലും നിയമനടപടികൾ ആരംഭിച്ചിരുന്നു. ഭൂനികുതി സ്വീകരിക്കുന്നത് ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്നും, സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് ഭൂനികുതി സ്വീകരിക്കുന്ന നടപടി തടസ്സമല്ല എന്നും ബഹു. ഹൈക്കോടതി വിവിധ കേസ്സുകളിൽ നിരീക്ഷിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതോടൊപ്പം 'ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന കേസിലെ അന്തിമവിധിക്കു വിധേയം' എന്ന നിബന്ധനയോടെ ഭൂനികുതി സ്വീകരിക്കുന്നതിന് 6.6.2019ലെ സ.ഉ(കൈ) 172/2019/റവ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഹാരിസൺസും സമാനസ്വഭാവമുള്ള മറ്റു കമ്പനികളും കൈവശം വച്ചിരിക്കുന്നത് എത്ര ഏക്കർ ഭൂമിയാണെന്ന് വ്യക്തമാക്കുമോ; | (ബി) സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളും പൗരൻമാരും സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമി സംബന്ധിച്ചുള്ള അന്വേഷണം മാത്രമാണ് സ്പെഷ്യൽ ഓഫീസർ നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ തോട്ടം മേഖലയിൽ മൂന്നുലക്ഷത്തിലധികം ഏക്കർ ഭൂമി |

| | | |
|---|---|---|
| | | കമ്പനികൾ കൈവശം വയ്ക്കുന്നതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കരം സ്വീകരിക്കാനുള്ള സർക്കാർ തീരുമാനം കരം സ്വീകരിക്കരുതെന്ന് ശിപാർശ ചെയ്ത രാജമാണിക്യം റിപ്പോർട്ടിന് വിരുദ്ധമാകുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) ഇല്ല, സ്പെഷ്യൽ ഓഫീസർ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയ നടപടിക്കെതിരെ ധാരാളം റിട്ട് കേസ്സുകൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ്സുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് ഭൂനികുതി സ്വീകരിക്കുവാൻ ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയ പശ്ചാത്തലത്തിലാണ് 'ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ അന്തിമവിധിക്കു വിധേയം' എന്ന നിബന്ധനയോടെ കരം സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ